ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 12.08.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1) യുവമനസ്സുകളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**PM Narendra Modi says the Central Government is committed to fostering scientific temper among the youth.**

2) 4,594 കോടി രൂപയുടെ നാല് പുതിയ സെമികണ്ടക്ടർ പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം.

**Union Cabinet Approves Four New Semiconductor Projects Worth ₹4,594 Crore**

3) ദേശീയ കായിക ഭരണ നിർവഹണ ബില്ലിനും, ഉത്തേജക മരുന്ന് വിരുദ്ധ ബില്ലിനും പാർലമെൻറിൻറെ അംഗീകാരം. വർഷകാല സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും.

**Parliament Approves National Sports Governance Bill and Anti-Doping Bill; Monsoon Session to Resume on Monday.**

4) ഹർ ഘർ തിരംഗ കാമ്പയിനിന്റെ ആവേശത്തിൽ രാജ്യം; വിദ്യാലയങ്ങളിലും സ്ഥാപനങ്ങളിലും ദേശസ്നേഹത്തിന്റെ സന്ദേശം ഉയർത്തി ആഘോഷം.

**Nation Celebrates 'Har Ghar Tiranga' with Patriotic Fervour; Schools and Institutions Join the Spirit.**

5) കേരളത്തിലെ പോലീസ് സേനയ്ക്ക് ജനസൗഹൃദ മുഖം നൽകാൻ സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.

**Kerala Police Have Successfully Adopted a People-Friendly Image, Says CM Pinarayi Vijayan.**

6) അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിനുള്ള നറുക്കെടുപ്പ് നാളെ മുംബൈയിലെ കേന്ദ്ര ഹജ്ജ് കമ്മിറ്റി ഓഫീസിൽ.

**Hajj 2026 Pilgrimage Draw to Be Held Tomorrow at Central Hajj Committee Office in Mumbai.**

**************************

## PM-ASTRONOMY OLYMPIAD(INTRO)

യുവമനസ്സുകളിൽ ശാസ്ത്ര അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 18-മത് അസ്ട്രോണമി, അസ്ട്രോ ഫിസിക്സ് ഒളിമ്പ്യാഡിനെ വിർച്ച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആക്സിയം ദൗത്യത്തിൽ ഇന്ത്യയുടെ ശുഭാൻശു ശുക്ല നൽകിയ നിർണായക സംഭാവനകൾ രാജ്യത്തെ യുവജനങ്ങൾക്ക് പ്രചോദനം പകരുന്നതായും അദ്ദേഹം പറഞ്ഞു.

(വോയിസ്.... )

64 രാജ്യങ്ങളിൽ നിന്നുള്ള 300-ലധികം പേർ ഒളിമ്പ്യാഡിൽ പങ്കെടുക്കുന്നുണ്ട്.

**************************

## PARLIAMENT

വിവിധ വിഷയങ്ങൾ ഉന്നയിച്ച് പാർലമെന്റിൽ ഇന്നും പ്രതിപക്ഷ ബഹളം. ബീഹാർ വോട്ടർ പട്ടിക പരിഷ്ക്കരണം ഉൾപ്പടെയുള്ള വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധം തുടർന്നതോടെ ഇരുസഭകളും നിരവധി തവണ നിർത്തിവെച്ചു. പിന്നീട് നടപടികൾ പൂർത്തിയാക്കി ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. വർഷകാല സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും.

***** **** ****** ********** *****

## RS – SPORTS BILL

ദേശീയ കായിക ഭരണ നിർവഹണ ബില്ലിനും, ഉത്തേജക മരുന്ന് വിരുദ്ധ ബില്ലിനും പാർലമെൻറിൻറെ അംഗീകാരം. രാജ്യസഭ ഇന്ന് പരിഗണനയ്ക്കെടുത്ത ബില്ലുകൾ കഴിഞ്ഞ ദിവസം ലോക്സഭ പാസാക്കിയിരുന്നു. രാജ്യത്തെ കായിക സ്ഥാപനങ്ങളുടെ അംഗീകാരവും അവയുടെ നിയന്ത്രണവും ലക്ഷ്യമിടുന്നതാണ് കായിക ഭരണ നിർവഹണ ബിൽ. മത്സരങ്ങൾക്കിടെ ഉത്തേജക മരുന്ന് ഉപയോഗിക്കുന്നത് തടയാൻ ഒരു ഏജൻസിയും ഉത്തേജക മരുന്ന് വിരുദ്ധ ബോർഡും സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യുന്നതാണ് ഉത്തേജക വിരുദ്ധ (ഭേദഗതി) ബിൽ. കായിക ഫെഡറേഷനുകളുടെ തിരഞ്ഞെടുപ്പിൽ സുതാര്യത കൊണ്ടുവരുന്നതിനും, വനിതാ പ്രാതിനിധ്യം ഉയർത്താനും ബില്ലിലൂടെ സാധിക്കുമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ പറഞ്ഞു. കായിക മേഖലയുമായി ബന്ധപ്പെട്ട ശക്തമായ നിയമനിർമാണത്തിനും ഇതിലൂടെ ലക്ഷ്യമിടുന്നതായി കേന്ദ്രമന്ത്രി വ്യക്തമാക്കി.

***** **** ****** ********** *****

## REV LS – YASWANT VERMA

ഹൈക്കോടതി ജഡ്ജി, ജസ്റ്റിസ് യശ്വന്ത് വർമ്മയുടെ വീട്ടിൽ നിന്ന് കണക്കിൽപ്പെടാത്ത പണം കത്തിയ നിലയിൽ കണ്ടെത്തിയ സംഭവം അന്വേഷിക്കാൻ മൂന്നംഗ സമിതി രൂപീകരിച്ചതായി ലോക്സഭാ സ്പീക്കർ ഓം ബിർള. സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ്

അരവിന്ദ് കുമാർ, മദ്രാസ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് ജസ്റ്റിസ് മനീന്ദർ മോഹൻ ശ്രീവാസ്തവ, കർണാടക ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകൻ ബി വി ആചാര്യ എന്നിവർ ഉൾപ്പെടുന്നതാണ് സമിതി. ജസ്റ്റിസ് യശ്വന്ത് വർമ്മയെ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് 146 ഭരണ, പ്രതിപക്ഷ അംഗങ്ങൾ ഒപ്പിട്ട നോട്ടീസുകൾ അംഗീകരിച്ചതായും സ്പീക്കർ സഭയെ അറിയിച്ചു.

*****************************

## REV LS-PORTS BILL(INTRO)

ഇന്ത്യൻ തുറമുഖ ബിൽ 2025, ലോക്സഭ പാസാക്കി. തുറമുഖങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ ഏകീകരിക്കുക, സംയോജിത തുറമുഖ വികസനം പ്രോത്സാഹിപ്പിക്കുക, വ്യവസായങ്ങൾ എളുപ്പമാക്കുക, ഇന്ത്യയുടെ തീരപ്രദേശത്തിന്റെ പരമാവധി വിനിയോഗം ഉറപ്പാക്കുക എന്നിവയാണ് ബില്ലിന്റെ ഉദ്ദേശം. **വിശദാംശങ്ങളിലേക്ക്...**

**(VOICE...)**

തുറമുഖങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാന മാരിടൈം ബോർഡുകൾ സ്ഥാപിക്കാനും തുറമുഖ മേഖലയുടെ ഘടനാപരമായ വളർച്ചയും വികസനവും ഉറപ്പാക്കാൻ മാരിടൈം വികസന സമിതി രൂപീകരിക്കാനും ബിൽ ലക്ഷ്യമിടുന്നു. തുറമുഖങ്ങളിലെ, മലിനീകരണം, ദുരന്തങ്ങൾ, അടിയന്തര സാഹചര്യങ്ങൾ, സുരക്ഷ തുടങ്ങിയവയും ബില്ലിൽ പരാമർശിക്കുന്നുണ്ട്. 21-ാം നൂറ്റാണ്ടിന് ഉതകുന്ന തരത്തിൽ ഇന്ത്യയുടെ സമുദ്ര മേഖലയെ മാറ്റാനുള്ള സുപ്രധാന ഇടപെടലാണ് ഈ നീക്കമെന്ന്, ബില്ലിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് മറുപടിയായി, കേന്ദ്ര തുറമുഖ മന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു. കഴിഞ്ഞ ദശകത്തിൽ രാജ്യത്തെ തുറമുഖ ശേഷി 87 ശതമാനം വർദ്ധിച്ചുവെന്നും ചരക്ക് കൈകാര്യം ചെയ്യൽ, ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്കായ 855 മില്യൺ ടണ്ണായി ഉയർന്നതായും അദ്ദേഹം പറഞ്ഞു. ദീർഘകാല ആസൂത്രണം, ആധുനിക പരിസ്ഥിതി സംരക്ഷണം, കാര്യക്ഷമമായ തർക്ക പരിഹാരങ്ങൾ

എന്നീ കാലോചിത മാറ്റങ്ങൾ 1908 ലെ ഇന്ത്യൻ തുറമുഖ നിയമത്തിൽ കൊണ്ടുവരേണ്ടതുണ്ടെന്നും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു. **ന്യൂസ്‌ഡെസ്ക് ആകാശവാണി .......**

***** **** **** * ******** *****

## LS – ONE NATION ONE ELECTION

ഒരു രാഷ്ട്രം, ഒരു തിരഞ്ഞെടുപ്പ് ബിൽ സംബന്ധിച്ച്, സംയുക്ത പാർലമെന്ററി സമിതി റിപ്പോർട്ട് അവതരിപ്പിക്കുന്നതിനുള്ള സമയപരിധി ലോക്‌സഭ നീട്ടി നൽകി. 2025 ലെ ശീതകാല സമ്മേളനത്തിന്റെ അവസാന ആഴ്ചയിൽ സമിതി റിപ്പോർട്ട് നൽകും. ഭരണഘടന (നൂറ്റി ഇരുപത്തിയൊമ്പതാം ഭേദഗതി) ബിൽ 2024, കേന്ദ്രഭരണ പ്രദേശ നിയമങ്ങൾ (ഭേദഗതി) ബിൽ 2024 എന്നിവയെക്കുറിച്ചുള്ള സംയുക്ത സമിതി റിപ്പോർട്ടിന്മേലുള്ള പ്രമേയം ബിജെപി എംപി PP ചൗധരി അവതരിപ്പിച്ചു.

***** **** **** * ******** *****

## NITI AAYOG- MEGA TINKERING DAY

രാജ്യത്തെ 10,000-ത്തിലധികം അടൽ ടിങ്കറിംഗ് ലാബുകളിൽ നിന്നുള്ള വിദ്യാർത്ഥികളെ അണിനിരത്തി നീതി ആയോഗ് 'മെഗാ ടിങ്കറിംഗ് ഡേ' പരിപാടി സംഘടിപ്പിച്ചു. രാജ്യവ്യാപകമായി ഒരേസമയം വെർച്വലായി നടന്ന പരിപാടിയിൽ, അടൽ ടിങ്കറിംഗ് ലാബുകൾ സജ്ജീകരിച്ച സ്‌കൂളുകളിൽ നിന്നുള്ള 4.5 ലക്ഷത്തിലധികം വിദ്യാർത്ഥികൾ പങ്കെടുത്തു. നവീനാശയങ്ങളും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുകയും , രാജ്യത്തിൻറെ ഭാവി രൂപപ്പെടുത്താൻ വരും തലമുറയെ പ്രാപ്തരാക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യം.

***** **** **** * ******** *****

## CHIEF MINISTER-KANNUR

കേരളത്തിലെ പോലീസ് സേനയ്ക്ക് ജനസൗഹൃദ മുഖം നൽകാൻ സർക്കാരിന് സാധിച്ചതായി മുഖ്യമന്ത്രി പിണറായി

വിജയൻ. സമൂഹ വിരുദ്ധ ശക്തികളെ തിരിച്ചറിയുന്നതിനും, ലഹരി മാഫിയയെ ഇല്ലാതാക്കുന്നതിനും, വർഗ്ഗീയ സംഘർഷങ്ങൾ തടയുന്നതിനും പോലീസും ജനങ്ങളും തമ്മിലുള്ള ഐക്യം അനിവാര്യമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേരള പോലീസിന്റെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം കണ്ണൂരിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

***** **** **** * **** **** *****

## HAJJ APPLICATION

അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിനുള്ള നറുക്കെടുപ്പ് മുംബൈയിലെ കേന്ദ്ര ഹജ്ജ് കമ്മിറ്റി ഓഫീസിൽ നാളെ നടക്കും. കേന്ദ്ര ഹജ്ജ് കമ്മിറ്റി പുറത്തിറക്കിയ മാർഗനിർദേശ പ്രകാരം 2026 വർഷത്തേക്കുള്ള അപേക്ഷകളിൽ 65 വയസ്സിന് മുകളിലുള്ളവർക്കാണ് ആദ്യ പരിഗണനന. തുടർന്ന് 2025-ൽ അപേക്ഷിച്ച് അവസരം ലഭിക്കാത്തവരെ പരിഗണിക്കും.

***** **** **** * **** **** *****

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും......

(ബ്രേക്ക്)

***** **** **** * **** **** *****

## HAR GHAR THIRANGA

ഹർ ഘർ തിരംഗ കാമ്പയിനിന്റെ ആവേശത്തിൽ രാജ്യം. രാജ്യത്തുടനീളമുള്ള വിദ്യാലയങ്ങളിലും സ്ഥാപനങ്ങളിലും ദേശസ്നേഹത്തിന്റെ സന്ദേശം ഉയർത്തി ആഘോഷങ്ങൾ പുരോഗമിക്കുകയാണ്. ചണ്ഡീഗഢിൽ ഇന്ത്യൻ വ്യോമസേന തിരംഗ ബൈക്ക് റാലി സംഘടിപ്പിച്ചു. കേരളത്തിൽ തിരംഗ ക്യാമ്പയിൻറെ ഭാഗമായി കഴക്കൂട്ടം സൈനിക സ്കൂളിൽ വ്യത്യസ്തമായ പരിപാടികൾ സംഘടിപ്പിച്ചു. കുട്ടികളുടെ നേതൃത്വത്തിൽ സമീപപ്രദേശങ്ങളിലെ വീടുകൾ സന്ദർശിച്ച്

ത്രിവർണ്ണ പതാക കൈമാറി. സ്വച്ഛഭാരത സന്ദേശം ഉയർത്തി സ്കൂളും പരിസരവും വൃത്തിയാക്കി.

***** **** **** * **** **** *****

## CABINET–BRIEFING(INTRO)

ഒഡീഷ, പഞ്ചാബ്, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിലായി 4,594 കോടി രൂപയുടെ നാല് പുതിയ സെമികണ്ടക്ടർ പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. സെമികണ്ടക്ടർ, ഇലക്ട്രോണിക്സ് മേഖലയ്ക്കായി സർക്കാർ ശക്തമായ ഒരു ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുകയാണെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിക്കവേ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. കഴിഞ്ഞ 11 വർഷത്തിനിടെ ഇലക്ട്രോണിക്സ് നിർമ്മാണം ആറ് മടങ്ങ് വളർച്ചയോടെ അതിവേഗം മുന്നേറിയതായും കയറ്റുമതി എട്ട് മടങ്ങ് വർദ്ധിച്ചതായും അദ്ദേഹം വ്യക്തമാക്കി.

(വോയിസ്.... )

ചാർബാഗ് മുതൽ വസന്ത് കുഞ്ച് വരെയുള്ള ലഖ്നൗ മെട്രോ പദ്ധതിക്കും കേന്ദ്ര സർക്കാർ അംഗീകാരം നൽകി. അരുണാചൽ പ്രദേശിലെ ഷി യോമി ജില്ലയിൽ നിർമിക്കുന്ന 700 മെഗാവാട്ട് ശേഷിയുള്ള ടാറ്റോ-II ജലവൈദ്യുത പദ്ധതിക്കും അനുമതിയായി.

***** **** **** * **** **** *****

## JITENDRA SINGH–SVAMITVA

പൗര കേന്ദ്രീകൃത ഭരണത്തിന്റെ ആഗോള മാതൃകയായി സ്വാമിത്വ പദ്ധതി മാറിയതായി കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ നടന്ന സർവേ ഓഫ് ഇന്ത്യയുടെ ഉന്നതതല അവലോകന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. സ്വാമിത്വ പദ്ധതി, അമൃത് മിഷൻ, സ്മാർട്ട് സിറ്റികൾ എന്നിവയുൾപ്പെടെ നിരവധി മുൻനിര പദ്ധതികൾക്ക് സർവേ ഓഫ് ഇന്ത്യയുടെ സാങ്കേതിക വൈദഗ്ദ്ധ്യം സഹായകരമായതായി കേന്ദ്രമന്ത്രി പറഞ്ഞു.

*****************************

## MoS-BOOK RELEASE

തമിഴ് ഭാഷയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം പ്രോത്സാഹിപ്പിക്കുന്നതിൽ റേഡിയോ വലിയ പങ്കു വഹിച്ചിട്ടുണ്ടെന്ന് കേന്ദ്ര സഹമന്ത്രി എൽ.മുരുകൻ. പ്രൊഫ. ഡി.കെ. ഗോപാൽ അയ്യർ എഴുതിയ പുസ്തകം വീഡിയോ കോൺഫറൻസിലൂടെ പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യസമര കാലഘട്ടത്തിലും തുടർന്നും, സുപ്രധാന സംഭാവനകൾ നൽകിയ തമിഴ് എഴുത്തുകാർ, കവികൾ തുടങ്ങിയവരുടെ സാഹിത്യ ശേഖരം പുസ്തകത്തിലുണ്ടെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

*****************************

## SENSEX + GOLD

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 368 പോയിൻ്റ് താഴ്ന്ന് 80,235 ലും ദേശിയ ഓഹരിസൂചിക നിഫ്റ്റി 97 പോയിൻ്റ് നഷ്ടത്തിൽ 24,487 ലും വ്യാപാരം അവസാനിപ്പിച്ചു.സ്വർണ വില കുറഞ്ഞു. പവന് 640 രൂപ കുറഞ്ഞ് 74,360 രൂപയും ഗ്രാമിന് 9,295 രൂപയുമാണ് ഇന്നത്തെ വില.

*****************************************************